**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി തൊഴിൽ വകുപ്പ് ഒരു ഔദ്യോഗിക സർവേ നടത്തിയിട്ടില്ല. എന്നിരുന്നാലും തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം ടി തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട കൊണ്ട് 2017 മുതൽ നിലവിൽ വന്ന ആവാസ് പദ്ധതിയിലൂടെ 5,16,320 തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽവകുപ്പ് അതിഥിപോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. അതിഥിപോർട്ടൽ/അതിഥി ആപ്പ് മുഖേന 4,19,576 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടന്നു വരുകയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബാർഡ് മുഖേന നടത്തുന്ന 2010ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 1,64,980 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2020 ജനുവരി മുതൽ നാളിതുവരെ ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. 2020 മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല. 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരം ഇതര സംസ്ഥാനതൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതി പ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് Kerala Interstate Migrant Workers Welfare Registration Ordinanceകൊണ്ടുവരുന്ന വിഷയം പരിശോധിച്ചു വരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം. രജിസ്റ്റർ ചെയ്യാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കും, തൊഴിൽ ദാതാവിനും പെനാൽറ്റി പ്രൊവിഷനുകളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കി വരുന്നത്. ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള പ്രധാന ഉദ്ദേശം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ആണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്താൽ അവരുടെ മാതൃസംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ ഡേറ്റാ ബേസുമായി ഒത്ത് നോക്കുവാനും ക്രിമിനൽ പശ്ചാത്തലം ഉള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. ഇക്കാര്യം ആസ്പദമാക്കിയുള്ള ബോധവൽക്കരണം വിവിധ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റും നടത്തി തൊഴിലാളികളേയും ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ കോൺട്രാക്ടർമാർ എന്നിവരുടെ സഹകരണത്തോടെ ജന മൈത്രി പോർട്ടൽ മുഖേന അവരുടെ വിവര ശേഖരണം നടത്തി വരുന്നുണ്ട്.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പുതിയ ആപ്ലിക്കേഷൻ വഴി പുതുക്കുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.09.2024 തീയതിയിൽ ഓൺലൈൻ യോഗം ചേർന്നിരുന്നു. ടി യോഗ തീരുമാനപ്രകാരം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷന് ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി Interstate Migrant Workers Welfare Registration Ordinance പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുവാനും അതിഥി തൊഴിലാളികൾക്കായി ഏകീകൃത പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ രൂപീകരിക്കുവാനും തീരുമാനമായിരുന്നു.<br><br>യൂണിഫൈഡ് മൊബൈൽ ആപ്ലിക്കേഷൻ പോർട്ടൽ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകളിലെ നിലവിലുള്ള ഡാറ്റാ സോഴ്സുകളുടെ വിവരങ്ങൾ സംബന്ധിച്ചും പോർട്ടലിൽ / ആപ്ലിക്കേഷനിൽ വിവിധ വകുപ്പുകൾക്കാവശ്യമായ ഡാറ്റാ ഫീൽഡുകൾ സംബന്ധിച്ചുമുള്ള വിവരങ്ങളും ഓരോ വകുപ്പിൽ നിന്നും ഒരു നോഡൽ ഓഫീസറെയും ടെക്നിക്കൽ പോയിന്റ് ഓഫ് കോണ്ടാക്ടിനായി ഒരു ഉദ്യോഗസ്ഥനെയും കൂടി ചുമതലപ്പെടുത്തി, വകുപ്പുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാക്കി ടി തൊഴിലാളികളുടെ രജിസ്ട്രേഷനായി ഏകീകൃത പോർട്ടൽ രൂപകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ജോലിക്കായി ഇവരെ കൊണ്ട് വരുന്ന ഏജന്റുമാർ, കോൺട്രാക്ടുമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്ത് വരുന്നത്. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ |

| | | | |
|---|---|---|---|
| | | | ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ സാഹചര്യം തൊഴിലാളികളേയും, ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ട് വരുന്ന ഏജന്റുമാർ കോൺട്രാക്ടർമാർ എന്നിവരെയും വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണം നടത്തി അവരുടെ സഹകരണത്തോടെ ജനമൈത്രി പോർട്ടൽ മുഖേന അവരുടെ വിവര ശേഖരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ